നം.സി1-26823/2017

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം.
തിയതി : 07-11-2017

ചീഫ് എഞ്ചിനീയർ

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും / ഡയറക്ടർമാർക്കും

സർ,

വിഷയം: ജലസേചനം-ജീവനക്കാര്യം- എസ്.എൽ.ആർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിൽ നിന്നുള്ള പുറത്തെഴുത് നം. സി1-26823/2017 തിയതി 14-8-17.

**************

മേൽസൂചനയിലേക്ക് അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിൽ ആവശ്യപ്പെട്ട പ്രകാരം ജലസേചന വകുപ്പിന് കീഴിലുള്ള എസ് എൽ ആർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് 1-7-2014 മുതൽ സർവ്വീസിലുള്ള എസ്.എൽ.ആർ വർക്കർമാരുടെ പേരും അനുബന്ധ വിവരങ്ങളും തയ്യാറാക്കി ആയതിൽ തെറ്റുകളൊന്നും ഇല്ല എന്ന് സത്യവാങ്മൂലം രേഖപ്പെടുത്തി നൽകാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പല ഡിവിഷനുകളും സബ് ഡിവിഷനുകളും നേരിട്ട് ഈ ആഫീസിലേക്ക് എസ് എൽ ആർ ജീവനക്കാരുടെ വിവരങ്ങൾ അയയ്ക്കുന്നതു കാരണം ജീവനക്കാരുടെ വിവരങ്ങളുടെ ആവർത്തനം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കൂടാതെ ഇനി തിരുത്തലുകൾ ഇല്ല എന്ന് സൂചനയിൽ ആവശ്യപ്പെട്ടിരുന്ന സത്യവാങ്മൂലം ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ അതതു സർക്കിളിന് കീഴിലുള്ള എല്ലാ ആഫീസുകളിലെയും എസ് എൽ ആർ ജീവനക്കാരുടെ വിശദവിവരങ്ങൾ ക്രോഡീകരിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സത്യവാങ്മൂലത്തോടൊപ്പം ഈ ആഫീസിൽ എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു

വിശ്വസ്തതയോടെ

ചീഫ് എഞ്ചിനീയർക്കുവേണ്ടി

ബി എസ്/